**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1643** **02-02-2024 - ൽ മറുപടിയ്ക്ക്**

**മോര്യ കാപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യാ കാപ്പ് കാർഷിക പദ്ധതിയുടെ നിർമ്മാണം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ ഉൾപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യാ കാപ്പ് പാടശേഖരം കൃഷിയോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി കൃഷി വകുപ്പിന് സമർപ്പിച്ച 233.97 ലക്ഷം രൂപയുടെ പദ്ധതി 19.08.2022 ൽ നടന്ന രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) State Level Sanctioning Committee (SLSC) യിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ കേന്ദ്രസർക്കാർ, കാർഷിക വിളകളായ നെല്ല്, ഗോതമ്പ് എന്നിവയ്ക്ക് ആർ.കെ.വി.വൈ. പദ്ധതിയിൽ ആകെയുള്ള അലോക്കേഷന്റെ 10% ത്തിൽ അധികരിക്കരുതെന്ന നിർദേശം വച്ചതിനാൽ പ്രസ്തുത പദ്ധതി അംഗീകരിക്കപ്പെടുകയുണ്ടായില്ല.<br><br>മേൽ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പറുകൾ ചുവടെ ചേർക്കുന്നു.<br><br>3387265/പി.പി.എം./19/എ.ഡി.,<br>പി.പി.എം.സെൽ/15/ 2022/അഗ്രി. |
| (ബി) | കൃഷി വകുപ്പ് തയ്യാറാക്കിയ ഈ പദ്ധതിയുടെ പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് ബന്ധപ്പെട്ട ഫയൽ നമ്പറുകൾ സഹിതം വിശദമാക്കാമോ; | (ബി) | തിരൂരങ്ങാടി മണ്ഡലത്തിൽ ഉൾപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യാ കാപ്പ് പാടശേഖരം കൃഷിയോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി കൃഷി വകുപ്പിന് സമർപ്പിച്ച 233.97 ലക്ഷം രൂപയുടെ പദ്ധതി 19.08.2022 ൽ നടന്ന രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) State Level Sanctioning Committee (SLSC) യിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ കേന്ദ്രസർക്കാർ, കാർഷിക വിളകളായ നെല്ല്, ഗോതമ്പ് എന്നിവയ്ക്ക് ആർ.കെ.വി.വൈ. പദ്ധതിയിൽ ആകെയുള്ള അലോക്കേഷന്റെ 10% ത്തിൽ |

| | | | |
|---|---|---|---|
| | | | അധികരിക്കരുതെന്ന നിർദേശം വച്ചതിനാൽ പ്രസ്തുത പദ്ധതി അംഗീകരിക്കപ്പെടുകയുണ്ടായില്ല.<br><br>മേൽ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പറുകൾ ചുവടെ ചേർക്കുന്നു.<br><br>3387265/പി.പി.എം./19/എ.ഡി.,<br>പി.പി.എം.സെൽ/15/ 2022/അഗ്രി. |
| (സി) | ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും ഈ പ്രവൃത്തി എന്നേക്ക് ആരംഭിക്കാനാകുമെന്നും വിശദമാക്കാമോ? | (സി) | മോര്യാ കാപ്പ് നവീകരണ പദ്ധതിക്ക് ആർ.കെ.വി. വൈ പദ്ധതിയിൽ ഭരണാനുമതി നൽകിയിട്ടില്ല.<br><br>എന്നാൽ ചെറുകിട ജലസേചന ഉപവിഭാഗം മാർച്ച് ഏപ്രിൽ മാസത്തോടെ മോര്യാ കാപ്പ് പാടശേഖര പ്രദേശത്തെ ജലം കുറയുന്നതനുസരിച്ച് സ്ഥല പരിശോധനകൾ നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ